# അക്കാദമിക് മാസ്റ്റർപ്ലാൻ
# 2025-26



## ജി.എം.എൽ.പി.എസ് വടവന്നൂർ

**കൊല്ലങ്കോട് സബ്ജില്ല**

***വടവന്നൂർ പി .ഒ .678504***

**gmlpsvdr@gmail.com**

## ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയത്തിന്റെ ലഘു ചരിത്രം
3. വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്-ലക്ഷ്യങ്ങൾ
4. നിലവിലെ അവസ്ഥാവിശേഷം
5. പദ്ധതി രൂപീകരണ പ്രക്രിയ - ഘട്ടങ്ങൾ
6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
7. പദ്ധതി വിശദാംശങ്ങൾ
   (ലക്ഷ്യം,പ്രവർത്തനങ്ങൾ,കാലയളവ്,ചുമതല,സാമ്പത്തികം)
8. പ്രവർത്തന കലണ്ടർ തയ്യാറാക്കൽ
9. ഉപസംഹാരം

# ആമുഖം

2025-26 അധ്യായന വർഷത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി സമഗ്ര ഗുണമേന്മ പദ്ധതിയുടെ എട്ടു മേഖലകളുമായി ബന്ധപ്പെട്ട് കുട്ടികളെ അക്കാദമിക് മികവുകളിലേക്ക് എത്തിക്കുന്ന പാഠ്യ പാഠ്യേതരപ്രവർത്തന ങ്ങളിൽ മികവാർന്ന പ്രവർത്തനങ്ങൾ എസ്.ആർ.ജി. യോഗത്തിൽ ചർച്ചചെയ്ത് രൂപീകരിക്കപ്പെട്ട സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളുടെ ഒരു കരട് രൂപമാണ് ഞങ്ങൾ തയ്യാറാക്കിയിട്ടുള്ള ഈയൊരു മാസ്റ്റർ പ്ലാൻ.

## ലക്ഷ്യങ്ങൾ

- സ്കൂൾ അക്കാദമിക നിലവാരം ഉയർത്തുക.
- വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാക്കുക.
- അടിസ്ഥാന ഭാഷാ വികസനം സാധ്യമാക്കുക.
- വിദ്യാലയത്തെ സമൂഹവുമായി ബന്ധപ്പെടുത്തുക.
- ഭാഷ , ലേഖനം, വായന (*സ്വതന്ത്ര വായന* )എന്നിവയിൽ കുട്ടികളെ പൂർണ്ണമായും എത്തിക്കുക.
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

## <u>വിദ്യാലയത്തിന്റെ ലഘു ചരിത്രം</u>

**പാലക്കാട്** ജില്ലയിൽ **വടവന്നൂർ പഞ്ചായത്തിൽ തങ്കയം** എന്ന പ്രകൃതി മനോഹരമായ പ്രദേശത്ത് ***1931-***ൽ സ്ഥാപിതമായ **ഗവൺമെൻറ് മാപ്പിള ലോവർ പ്രൈമറി സ്കൂൾ,** തങ്കയം കരിപ്പാലി ജുമാ -മസ്ജിദ് പള്ളി വക വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.ആദ്യകാലങ്ങളിൽ കുട്ടികളെക്കൊണ്ട് നിറഞ്ഞു നിന്നിരുന്ന ഒരു വിദ്യാലയമായിരുന്നു ഇത്.എന്നാൽ ഇടക്കാലത്ത് കുട്ടികൾ ക്രമാതീതമായി കുറയുകയും വിദ്യാലയം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാഹചര്യവും ആയിരുന്നു.എന്നാൽ കർമ്മനിരതരായ പുതിയ അധ്യാപകരുടെയും നാട്ടുകാരുടെയും ശ്രമഫലമായി കുട്ടികൾ വർദ്ധിക്കുകയും മികച്ച ഒരു സ്കൂളായി മാറുകയും ചെയ്തു.

ഇപ്പോൾ അക്കാദമിക പ്രവർത്തനങ്ങളിലും മറ്റ് സ്കോളർഷിപ്പ് പരീക്ഷകളിലും കലാ-കായിക ശാസ്ത്രമേളകളിലും നമ്മുടെ സ്കൂൾ ഒന്നാം സ്ഥാനത്ത് തന്നെ.വാടകകെട്ടിടത്തിൽ ആയതിനാൽ തന്നെ ഭൗതിക സാഹചര്യങ്ങളിൽ അപര്യാപ്തമാണ്.എങ്കിലും പരിമിതികളെ തരണം ചെയ്ത് സ്കൂൾ ഇന്ന് അതിജീവനത്തിന്റെ പാതയിലാണ്.കൊല്ലങ്കോട് സബ് ജില്ലയിൽ തന്നെ ഒന്നാന്തരം സ്കൂളായി നമ്മുടെ സ്കൂൾ മാറിയിരിക്കുന്നു എന്നത് അഭിമാനകരമാണ്.

## <u>വിദ്യാലയം മികവിന്റെ കേന്ദ്രം /കാഴ്ചപ്പാട്</u>

- തുടർച്ചയായ എൽ എസ് എസ് വിജയം.
- കലാശാസ്ത്ര മേഖലകളിലുള്ള കുതിച്ചു കയറ്റം.
- അറബി കലോത്സവത്തിൽ കൊല്ലങ്കോട് സബ് ജില്ലയിൽ തന്നെ ഒന്നാം സ്ഥാനം.
- വിദ്യാലയ മികവ് സമൂഹത്തിൽ എത്തിക്കുക.
- ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
- ഡിജിറ്റൽ ഐടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
- കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക.
- ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

# അവസ്ഥ വിശകലനം

## നേട്ടങ്ങൾ

- പ്രീ-പ്രൈമറി മുതൽ നാലാംക്ലാസ് വരെ ഓരോ ഡിവിഷനുകളാണ് ഉള്ളത്.
- 4 ക്ലാസ് മുറികൾ ഉണ്ട്.
- കുട്ടികൾക്ക് ഇരിക്കാനും എഴുതുവാനുമുള്ള മേശ,ബെഞ്ച് എന്നിവ ആവശ്യാനുസരണം ഉണ്ട്.
- ഐടി ഉപകരണങ്ങൾ നാലു ലാപ്ടോപ്പ് ,രണ്ട് പ്രൊജക്ടർ, ഒരു പ്രിൻറർ,സ്പീക്കർ എന്നിവ ഉണ്ട്.
- പ്രീ പ്രൈമറിയിൽ ഗവൺമെൻറ് ഓണറേറിയം വാങ്ങുന്ന ഒരു അധ്യാപിക ഉണ്ട്.
- ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ നാല് അധ്യാപകർ ഉണ്ട്.
- അറബി ഫുൾടൈം അധ്യാപിക ദിവസവേതന അടിസ്ഥാനത്തിൽ നിലവിലുണ്ട്.
- വാട്ടർ പ്യൂരിഫയർ ഉപയോഗിക്കുന്നു.
- സമഗ്ര ഗുണമേന്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി കൃത്യമായും സമഗ്രമായും വിനിമയം ചെയ്യാൻ അധ്യാപകർ നിരന്തര ശ്രദ്ധ ചെലുത്തുന്നു.
- കുടിവെള്ളത്തിനായി ലൈൻ പൈപ്പ് കണക്ഷനാണ് ഉപയോഗിക്കുന്നത്.
- ആൺ പെൺ വിദ്യാർത്ഥികൾക്ക് പ്രത്യേകം ടോയ്ലറ്റ് സൗകര്യമുണ്ട്.
- ഹരിത വിദ്യാലയ പ്രോട്ടോകോൾ അനുസരിച്ച് സ്കൂൾ പ്രവർത്തിച്ചുവരുന്നു.

## പരിമിതികൾ

- വാടക കെട്ടിടം ആയതിനാൽ ഭൗതിക സാഹചര്യങ്ങൾ വളരെ പരിമിതമാണ്.
- ആകെ 4 ക്ലാസ് മുറികൾ ആണുള്ളത്.
- ഐസിടി ഉപകരണങ്ങൾ, ലൈബ്രറി എന്നിവ ഫലപ്രദമായി ഉപയോഗിക്കുവാനുള്ള സ്ഥലപരിമിതി ഉണ്ട്.

- പ്രീപ്രൈമറിയിലെ ആയയ്ക്ക് ഗവൺമെൻറ് ഓണറേറിയം ലഭിക്കുന്നില്ല.
- നിലവിൽ ഒരു അറബിക് പോസ്റ്റ് ഒഴിവുണ്ട്
- കുട്ടികൾക്ക് കളിക്കുവാനുള്ള കളിസ്ഥലം നിലവിലില്ല.
- വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങളിലും വിദ്യാലയവുമായുള്ള പല പ്രവർത്തനങ്ങളിലും രക്ഷിതാക്കൾക്ക് പൂർണ്ണമായും പങ്കാളികളാകാൻ കഴിയുന്നില്ല.

## അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

### ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

**മേഖല : 1 അക്കാദമികം**

***ഉപമേഖല 1.1 :മലയാളം -വായന***

**ലക്ഷ്യം** : എല്ലാ കുട്ടികളുംമികച്ച വായനശേഷി കൈവരിക്കലും വായനയിൽ പ്രാവീണ്യം നേടൽ.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ❖ **പുസ്തകം എൻറെ ചങ്ങാതി**<br>പുസ്തകങ്ങൾ അസംബ്ലിയിൽ പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ച യിൽ ഒരു ദിവസം (2 പുസ് തകം ) | CLASS TEACHERS | |
| ❖ **എന്റെ വായന മികച്ച വായന**<br>ക്ലാസ് തലത്തിൽ വായന കാർഡ് പുസ്തകം മറ്റു രചനകൾ എന്നിവയുടെ വായന മികച്ച വായനകൾ സ്കൂൾ അസംബ്ലിയിൽ എല്ലാ കുട്ടികൾക്കും അവസരം. | | TEACHERS | |
| ❖ **വളരുന്ന വാക്യം**<br>പുസ്തകത്തിലെ ചെറിയ ചെറിയ വാക്കുകൾ ചേർത്ത് വാക്യം പറയുക. അസംബ്ലിയിൽ അവതരണം. | ജൂൺ - മാർച്ച് | HM | |

- **എൻറെ പിറന്നാൾ പുസ്തകം**

  എല്ലാ ക്ലാസിലും പുസ്തക പ്രദർശനം പിറന്നാൾ പുസ്തകം ശേഖരിക്കുന്നു.

  - **ഉച്ചഭാഷിണിയിലൂടെവായന**

    ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെവായന.

    JULY-MARCH

  - **പുസ്തക പ്രദർശനം**

    പുസ്തകങ്ങൾ ഇനം തിരിച്ച് കുട്ടികൾക്ക് എടുത്തു നോക്കാൻ പാകത്തിലുള്ള ക്രമീകരണം.

    JUNE-

    TEACHERS

  - **കഥാകഥനം**

    വായിച്ച പുസ്തകങ്ങൾ ശ്രവണ മധുരമായി അവതരിപ്പിക്കൽ

    MONTHLY

  - **അക്ഷര മണി കിലുക്കം**

    വായന കോർണർ തയ്യാറാക്കി കുട്ടികൾക്ക് വായിക്കാനുള്ള അവസരം ഒരുക്കുന്നു.

  - **എല്ലാവരും മുന്നോട്ട്**

    DAILY

    വായനയിൽ പിന്നോക്കം നിൽക്കുന്നവർക്കായിപ്രത്യേകപരിശീലനം. ഇതിനായി വായനക്കാർഡുകൾമറ്റ് പഠന സാമഗ്രികൾഉപയോഗപ്പെടുത്തുന്നു.വായനയും മികച്ചു നിൽക്കുന്ന വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഗ്രൂപ്പ് പ്രവർത്തനം.

    PTA REACHERS

    MONTHLY

  - **സ്കൂൾ ലൈബ്രറി**

    ലൈബ്രറി സജ്ജമാക്കൽ. ലൈബ്രേറിയനെ നിയമിക്കൽ

  - **ക്ലാസ് തലപത്രം**

    ഓരോ മാസത്തിലെയും പഠന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് പത്രനിർമ്മാണം വായന.

    WEEKLY

  - **മെഗാ ക്വിസ്**

    ഓരോ ആഴ്ചയിലും നിശ്ചിത

ചോദ്യങ്ങൾ

ബോർഡിൽപ്രദർശിപ്പിക്കുന്നു.ഇവയെഅടിസ്ഥാനമാക്കിവിവിധ ദിനാചരണനിങ്ങളോട് അനുബന്ധിച്ചും ക്വിസ് മത്സരങ്ങൾ.

| | |
|---|---|
| ❖ **പത്ര ക്വിസ്** അസംബ്ലിയിൽ ചോദ്യങ്ങൾ ചോദിക്കുന്നു.കറണ്ട് അഫയേഴ്സ്'അടുത്ത ദിവസംപത്രത്തിൽ നിന്നും കണ്ടെത്തുന്നു. | DAILY |
| ❖ വായിച്ച പുസ്തകങ്ങൾ പരിചയപ്പെടുത്തൽ | CLUB |
| ❖ പ്രസംഗം മത്സരങ്ങൾ വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി പ്രസംഗം മത്സരം സംഘടിപ്പിക്കുന്നു | |

## ഉപമേഖല 1.2:ലേഖനം

**ലക്ഷ്യം**: അടിസ്ഥാനലേഖന പ്രവർത്തനങ്ങളിൽ പ്രാവീണ്യം,സർഗാത്മക രചനകളിൽ ഏർപ്പെടൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ❖ **ഡയറി എഴുതാം** എല്ലാ ക്ലാസുകളിലും കയറി എഴുതിയിരിക്കുന്നു | JUNE-MARCH | CLASS TR | |
| ❖ **സ്കൂൾതലപത്രം** ഓരോ മാസത്തെയും സ്കൂൾതല പ്രവർത്തനങ്ങൾ കോർത്തിണക്കിക്കൊണ്ട് പത്രം തയ്യാറാക്കൽ.അസംബ്ലിയിൽ അവതരണം | WEEKLY | TEACHERS | |
| ❖ **കുഞ്ഞെഴുത്ത്** കുട്ടികളുടെ സർഗാത്മക രചനകൾ തയ്യാറാക്കി അവതരണം | JULY-MARCH | | |
| ❖ **എൻറെ വായനക്കുറിപ്പുകൾ** വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കൽ | | | |
| ❖ **രചന ശില്പശാലകൾ സംഘടിപ്പിക്കൽ.** ചിത്രരചന കഥ കവിത രചനകളുമായി | | | |

| | | |
|---|---|---|
| ബന്ധപ്പെട്ട വിദഗ്ധരുടെ ക്ലാസുകൾ | JUNE-MARCH | TEACHERS |
| ❖ **ക്ലാസ് തലപതിപ്പുകൾ** വിദ്യാലയ വിശേഷങ്ങൾ | II TERM | CLUB |
| ക്ലാസ്സിലെ വിവരങ്ങൾ പങ്കുവയ്ക്കുന്ന പതിപ്പുകൾ | MONTHLY | |
| ❖ **വായനശാല സന്ദർശനം** സന്ദർശിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തൽ | JUNE | PTA HM |

## മേഖല: 2:ഇംഗ്ലീഷ്

**ലക്ഷ്യം:**എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കാൻ ഭാഷ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നു.

| **പ്രവർത്തനങ്ങൾ** | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ❖ English diary<br>❖ Enrichments of vocabulary conducting TLM Workshop (word puzzles picture card worksheet riddle card) | JUNE-MARCH | TEACHERS<br>SRG | |
| ❖ Empowerment of reading skill. Story telling, chain stories, rhymes and riddles, picture description, reading cards in assembly. | | | |
| ❖ English assembly<br>❖ Worksheet workshop<br>❖ Conducting English fest. Class level and school level | JUNE-MARCH | STUDENTS LEADER | |
| ❖ Empowerment of writing skill. preparing a bulletin board /wall magazine. English magazine which include students creative works related with English classroom activities. | JUNE-FEBRUARY | | |

## മേഖല 1.3 :അറബിക്

### *ഉപമേഖല: അടിസ്ഥാനശേഷി വികസനം*

| **പ്രവർത്തനങ്ങൾ** | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ❖ അറബിക് ക്വിസ്<br>❖ ഒരു ദിനം ഒരു അറിവ്<br>❖ ഭാഷാ കളികൾ | JUNE-MARCH | ARABIC TEACHER | |
| ❖ അറബി വായനോത്സവം<br>❖ പതിപ്പ് വായനക്കുറിപ്പ്<br>❖ അറബി അസംബ്ലി | JUNE-MARCH | | |

## മേഖല:ഗണിതം

### പേര് :ഗണിത വർക്ക് ഷീറ്റ്ശില്പശാല

### *ഉപമേഖല: വർക്ക് ഷീറ്റ് തയ്യാറാക്കൽ*

**ലക്ഷ്യം:**പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക.

| **പ്രവർത്തനങ്ങൾ** | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ❖ വർക്ക് ഷീറ്റ് എല്ലാ യൂണിറ്റിന്റെയും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തിതയ്യാറാക്കൽ | **TERM** | **SSG,PTA** | |
| ❖ **ഗണിത കേളികൾ**<br>കുട്ടികൾക്ക് സ്വാതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാഭ സജ്ജമാക്കൾ | | | |
| ❖ **ഗണിത മൂല**<br>മുഴുവൻ ക്ലാസിലും ഗണിത മൂല ക്രമീകരിക്കുക | | **CLASS TR** | |
| ❖ **കുട്ടികൾക്കൊരു ഗണിത കിറ്റ്**<br>**ഗണിത സാമഗ്രികൾ ശേഖരിക്കൽ** | **JUNE-MARCH** | | |

| | | |
|---|---|---|
| ❖ **ഗണിതം മധുരം**<br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ശില്പശാല | | **HM,TEACHER** |
| ❖ **ഗണിത അസംബ്ലി ആഴ്ചയിൽ ഒരു ദിവസം** | **WEEKLY** | |
| ❖ **ഗണിത മേള ഏകദിന പരിപാടി** | **DECEMBER** | **PTA** |

## മേഖല 4:ശാസ്ത്ര പഠനം

**ലക്ഷ്യം:**എല്ലാ കുട്ടികൾക്കും ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കുക'ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കുക.

| **പ്രവർത്തനങ്ങൾ** | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ❖ **ശാസ്ത്ര പഠനോപകരണ ശില്പശാല**<br>ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണനിരീക്ഷണപ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ വർഷോപ്പുകൾ സംഘടിപ്പിക്കൽ | **TERM** | **PTA**<br>**SSG**<br>**TEACHERS** | |
| ❖ **ഫീൽഡ് ട്രിപ്പുകൾ**<br>കർഷകരുമായി അഭിമുഖം കൃഷിഭവൻ സന്ദർശനം | | | |
| ❖ **പതിപ്പ് നിർമ്മാണം**<br>❖ **പ്ലാസ്റ്റിക് മുക്ത വിദ്യാലയത്തിനായുള്ള പ്രത്യേക പ്രവർത്തനങ്ങൾ** | **JUNE-MARCH** | **CLASS TR** | |
| ❖ **എൻറെ പരീക്ഷണം**<br>❖ **പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ**<br>❖ **പരീക്ഷണ കിറ്റ്**<br>മുഴുവൻ കുട്ടികൾക്കും മൂന്ന് നാല് ക്ലാസ് ശാസ്ത്ര പരീക്ഷണങ്ങൾക്കായി ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുക | | | |
| ❖ **പരീക്ഷണോത്സവം**<br>ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്ത് അവതരിപ്പിക്കൽ | **JUNE-MARCH** | **CLASS TR** | |
| ❖ **ശാസ്ത്ര അസംബ്ലി** | | | |

## മേഖല 5:ആരോഗ്യം

**ലക്ഷ്യം:**എല്ലാ കുട്ടികളുടെയും മാനസികവും ശാരീരികവുമായ ആരോഗ്യനില സംരക്ഷിക്കുക.മെച്ചപ്പെട്ട ആരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കുക.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ❖ **ലഘു വ്യായാമങ്ങൾ** എയ്റോബിക്സ് യോഗ സുംബാ ഡാൻസ് മുതലായവ പരിശീലനം | JUNE-MARCH | **CLUB**<br>**PTA** | |
| ❖ ശുചിത്വം ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും | | **PHC** | |
| ❖ ശുചിത്വ ക്ലബ്ബിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ | | **SCHOOL** | |
| ❖ **പോഷകസമ്പുഷ്ടമായ ഉച്ചഭക്ഷണം ഉറപ്പാക്കൽ** | JUNE-MARCH | | |

## മേഖല 6:സാമൂഹികം

**ലക്ഷ്യം:**സാമൂഹിക പങ്കാളിത്തത്തോടുകൂടി വിദ്യാലയത്തിന്റെയും വിദ്യാർത്ഥികളുടെയും ഉന്നമന സാധ്യമാക്കുക.സാമൂഹിക ഉയർച്ചയിൽ വിദ്യാലയവും പങ്കാളികളാവുക.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ❖ വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ നടപ്പിലാക്കുക | | Teachers | |
| ❖ നല്ല പാഠം ക്ലബ്ബ് പ്രവർത്തനങ്ങൾ | | | |
| ❖ രക്ഷിതാക്കൾക്കായി വിവിധ ഓറിയന്റേഷൻ ക്ലാസുകൾ | | PTA | |
| ❖ അമ്മ വായന അമ്മക്കുട്ട് പ്രവർത്തനങ്ങൾ | | | |
| ❖ നാടിനെ അറിയാം നന്മ അറിയാം എന്നീ പ്രവർത്തനങ്ങൾ സാമൂഹിക പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കൽ | | TEACHERS | |

- ഗൃഹ സന്ദർശന പരിപാടികൾ
- സി പി ടി എ ശക്തമാക്കൽ
- പൂർവ വിദ്യാർത്ഥികളും വിദ്യാലയവും ബന്ധം

SSG,SMC

ദൃഢമാക്കൽ

- സ്കൂൾ വാർഷികാഘോഷം
- സ്കൂൾ വികസന സമിതി ചേരൽ

പ്രവർത്തനങ്ങൾ വിലയിരുത്തൽ

TEACHERS

SMC

## ഉപമേഖല 1.3 :സർഗാത്മകം

ഭാഷയുമായി ബന്ധപ്പെട്ട സർഗാത്മകശേഷി വികസനം സാധ്യമാക്കുക.

കല (ചിത്രം,അഭിനയം,നാടൻ പാട്ട്'. ),പ്രവർത്തി പരിചയ പരിശീലനങ്ങൾ ലഭ്യമാക്കുക.

| **പ്രവർത്തനങ്ങൾ** | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ❖ **ബാലസഭ** | ആഴ്ചയിലും | ക്ളാസ്ടീച്ചർ | |
| ക്ലാസ് തലത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും സ്കൂൾതലത്തിൽ മാസത്തിൽ ഒരു തവണയും കുട്ടികളുടെ സർഗാത്മപ്രവർത്തനങ്ങൾ (റോൾപ്ലേ ,നാടകം നാടൻപാട്ട്, ഗാനങ്ങൾ)ഉൾപ്പെടുത്തിയുള്ള ബാലസഭാ സംഘടിപ്പിക്കും | മാസത്തിലും | | |
| ❖ **പാട്ടരങ്ങ്** കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിൻറെ അവതരണം സംഘടിപ്പിക്കുന്നു | JUNE-MARCH | ഭാഷാക്ളബ്ബ് | |
| ❖ **നാട്ടുവിശേഷം കൂട്ടെഴുത്ത്** | | ക്ളാസ്ടീച്ചർ | |
| ❖ **ഭാഷോത്സവം** **ഭാഷാപ്രസംഗം കഥ പറയൽ കവിത പാരായണം** | June-March | | |

## മേഖല 7:ഭൗതികം

**ലക്ഷ്യം:**വിദ്യാലയ ഭൗതിക സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തൽ

| പ്രവർത്തനങ്ങൾ | കാലളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- |
| ❖ വിദ്യാലയ കെട്ടിടം സുരക്ഷ ഉറപ്പാക്കൽ<br>❖ പ്രീ പ്രൈമറി ക്ലാസ് ആകർഷകമാക്കൽ<br>❖ ഐസിടി പ്രൊജക്ടർ ഫലപ്രദമായി ഉപയോഗിക്കൽ സജ്ജമാക്കുക<br>❖ ഹാൻഡ് വാഷ്, പൈപ്പ് സൗകര്യം ഒരുക്കൽ കൂടുതൽ കാര്യക്ഷമമായി<br>❖ ഹരിത വിദ്യാലയം - കൂടുതൽ ആകർഷകമാക്കൽ<br>❖ പൂന്തോട്ട നിർമ്മാണം | വർഷാവസാനം വരെ | പിടിഎ<br>ക്ളാസ് ടീച്ചർ<br>**SMC**<br>**LSG** | |

### സ്കൂൾ പ്രവർത്തന കലണ്ടർ തയ്യാറാക്കൽ

എസ്. ആർ .ജി. പിടിഎ എന്നിവയുടെ സംയുക്ത ചർച്ചയുടെ അടിസ്ഥാനത്തിൽ 2025- 26 വർഷത്തെ വാർഷിക കലണ്ടർ ആസൂത്രണവും തയ്യാറാക്കലും ജൂൺ ആദ്യവാരത്തിൽ പൂർത്തീകരിച്ചു.

### അധ്യാപകർ

- റീന എ — HM
- പ്രീത എൻ — LPST (Senior assistant)
- നിമിഷ വി — LPST
- സൂരജ് എ. എസ് — LPST
- ഷബീന എസ് — Arabic fulltime
- സുമതി എസ് — pre primary teacher

**ഉപസംഹാരം**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി നൂതനവും സമഗ്രവുമായ വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് സാധ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ കൃത്യമായ വിലയിരുത്തലും ആസൂത്രണവും നടത്തി നടപ്പിലാക്കാൻ സാധിക്കും എന്ന് കരുതുന്നു.അതിനുവേണ്ട പിന്തുണകൾ എല്ലാവരും നിന്നും പ്രതീക്ഷിക്കുന്നു.